ശ്രീ. ഗോപകുമാരൻ നായരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച സംഭവം

160 [3163] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി-131 തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്കിൽനിന്നും 20 കൊല്ലംമുൻപ് പിരിച്ചുവിടപ്പെട്ട ശ്രീ. ഗോപകുമാരൻ നായരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടോയെന്നും ശമ്പളം തുടങ്ങിയ ഇനങ്ങളിലായി എത്ര രൂപയാണ് പിരിച്ചുവിടപ്പെട്ട കാലയളവിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകേണ്ടി വന്നതെന്നും അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് കോടതി ചെലവിനത്തിൽ എത്ര രൂപ ബാങ്കിന് വഹിക്കേണ്ടിവന്നു;

(സി) ഇതിനുത്തരവാദികളായവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1-9-2001-ൽ ശ്രീ. ഗോപകുമാരൻ നായരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന് ശമ്പളവും അലവൻസുമായി നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

28-9-21992-ൽ	35,000	രൂപ
12-7-2000-ൽ	5,50,529	,,
7-9-2001-ൽ	2,24,028	,,
ആകെ	8,09,557	,,

(ബി) ലീഗൽ ഫീസ് ഉൾപ്പെടെ 46,400 രൂപ ചെലവഴിക്കേണ്ടി വന്നു.

(സി) പരിശോധിച്ച് മതിയായ കാരണമുണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിലെ നിയമനങ്ങൾ

161 [3164] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ എത്ര നിയമനം നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം തസ്തികകളിലേയ്ക്ക് ആരെല്ലാമാണെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly